പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2218 **27-10-2026-ൽ മറുപടിയ്ക്ക്**

ഓൺലൈൻ സാമ്പത്തിക തട്ടിപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് നടന്നയുടൻ ബാങ്ക് അക്കൗണ്ടുകളിലെ തുക മരവിപ്പിക്കുന്നതിനും നഷ്ടപ്പെട്ട തുക വീണ്ടെടുക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മറുപടി: സൈബർ സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും തട്ടിപ്പിലൂടെ നഷ്ടപ്പെടുന്ന തുകയുടെ തുടർ കൈമാറ്റം തടയുന്നതിനും വിവിധ സാങ്കേതിക സംവിധാനങ്ങളും ഏകോപന സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലും ബാങ്കുകളുടെ കോർ ബാങ്കിംഗ് സംവിധാനവും തമ്മിലുള്ള സംയോജനത്തിലൂടെ സൈബർ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട പരാതി ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഇടപാടുകളുടെ വിവരങ്ങൾ ബാങ്കുകൾക്ക് ലഭ്യമാകുകയും തട്ടിപ്പുമായി ബന്ധപ്പെട്ട തുകയുടെ തുടർ കൈമാറ്റം തടയുന്നതിനും ആവശ്യമായ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതിനും സാധിക്കുന്നു. അന്വേഷണത്തിന് ആവശ്യമായ ഇടപാട് വിവരങ്ങളും ബന്ധപ്പെട്ട വിശദാംശങ്ങളും NCRP പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനാൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് തുടർനടപടികൾ വേഗത്തിൽ സ്വീകരിക്കാനും സാധിക്കുന്നു. കൂടാതെ, കേരള പോലീസ് ആസ്ഥാനത്ത് സൈബർ ഓപ്പറേഷൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജോയിന്റ് സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (JCCT) പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും വളരെ വേഗത്തിൽ പണം ഇടപാട് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നഷ്ടപ്പെട്ട പണം ഏതെങ്കിലും ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാകുന്ന പക്ഷം ആയത് തടഞ്ഞുവെക്കുന്നതിനും ഈ സംവിധാനത്തിലൂടെ സാധ്യമാകുന്നു. ബാങ്ക് ഉദ്യോഗസ്ഥരുമായി ഏകോപനം നടത്തുന്നതിനും ഈ സംവിധാനം സഹായിക്കുന്നു. പരാതികളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ വിശകലനം, സംശയാസ്പദമായ ഇടപാടുകളുടെ തുടർനടപടികൾ, തട്ടിപ്പിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന തുക തടയുന്നതിനുള്ള നടപടികൾ, പുതിയ തട്ടിപ്പ് രീതികൾ തിരിച്ചറിയൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിലൂടെ ഏകോപിപ്പിക്കുന്നു. NCRP പോർട്ടലിൽ ലഭിക്കുന്ന അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികളിൽ എഫ്.ഐ.ആർ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനായി ഇ-സീറോ എഫ്.ഐ.ആർ (e-Zero FIR) സംവിധാനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം കേരള പോലീസിന്റെ ICOPS (Integrated Core Policing System) പ്ലാറ്റ്ഫോമുമായി സംയോജിപ്പിച്ചിരിക്കുന്നു. ഇതിലൂടെ നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി വരുന്ന പരാതികളിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ രജിസ്ട്രേഷൻ നടപടികൾ ഓട്ടോമാറ്റിക്

രീതിയിൽ നടത്തി വേഗത്തിൽ നിയമനടപടികൾ ആരംഭിക്കുന്നതിന് ഈ സംവിധാനം സഹായിക്കുന്നു.

സൈബർ സാമ്പത്തിക തട്ടിപ്പുകളിലൂടെ നഷ്ടപ്പെടുന്ന തുകയുടെ തുടർ കൈമാറ്റം തടയുന്നതിനും തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട തുക തിരികെ ലഭ്യമാക്കുന്നതിനും നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ (NCRP) ബാങ്കിംഗ് സംവിധാനങ്ങളുമായുള്ള സാങ്കേതിക സംയോജനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി CFCFRMS (Citizen Financial Cyber Fraud Reporting and Management System) മോഡ്യൂൾ മുഖേന സൈബർ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട പരാതികളിൽ ലഭ്യമായ വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറുകയും, തട്ടിപ്പിലൂടെ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ തടഞ്ഞുവയ്ക്കാൻ സാധിക്കുന്ന തുക ബാങ്കുകൾ ഹോൾഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തടഞ്ഞുവച്ച തുകയുടെ വിവരങ്ങൾ തുടർനടപടികൾക്കായി മണി റീസ്റ്റോറേഷൻ മോഡ്യൂൾ (Money Restoration Module - MRM) വഴി ലഭ്യമാക്കുന്നു. ഇതിലൂടെ പരാതിയുമായി ബന്ധപ്പെട്ട് തിരികെ ലഭ്യമാക്കാൻ സാധിക്കുന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും, നിലവിലുള്ള നടപടിക്രമങ്ങൾക്കനുസൃതമായി തുക പരാതിക്കാരന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സൈബർ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പരാതിയുടെ തുടർനടപടികൾ പരാതിക്കാർക്ക് അറിയുന്നതിനായി NCRP പോർട്ടലിൽ 'Track Your Complaint' എന്ന സേവനം ലഭ്യമാണ്. ഇതിലൂടെ പരാതിക്കാർക്ക് തങ്ങളുടെ പരാതിയുടെ നിലവിവരങ്ങളും സ്വീകരിച്ചിട്ടുള്ള തുടർനടപടികളും പരിശോധിക്കാവുന്നതാണ്. കൂടാതെ, മണി റീസ്റ്റോറേഷൻ മോഡ്യൂൾ (Money Restoration Module) മുഖേന പരാതിക്കാരന് തിരികെ ലഭ്യമാക്കാൻ സാധിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സൗകര്യമുണ്ട്. തിരികെ ലഭ്യമാക്കാൻ സാധിക്കുന്ന തുകയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം ബന്ധപ്പെട്ട സംവിധാനത്തിലൂടെ സ്വയമേവ പരാതിക്കാരന് അയച്ചുനൽകുന്നു. ഇതിനുപുറമേ, പരാതിയുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെയും തുടർ നടപടികളുടെയും വിവരങ്ങൾ അറിയുന്നതിനായി പരാതിക്കാർക്ക് 1930 എന്ന ടോൾഫ്രീ ഹെൽപ് ലൈൻ നമ്പറിലും 0471-2300042 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്. ഇതിലൂടെ പരാതിക്കാർക്ക് തങ്ങളുടെ പരാതിയുടെ വിവരങ്ങൾ അന്വേഷിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനും സകര്യമുണ്ട്. ഈ സംവിധാനങ്ങളിലൂടെ സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികളുടെ തുടർനടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിനും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ